**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല പോർക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.10.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ്ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 2905/2018/തസ്വഭവ. തീയതി, തിരുവനന്തപുരം: 13.11.2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) പോർക്കുളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23.10.2018-ലെ 1-ാം നമ്പർ തീരുമാനം.

2) പോർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.10.2018-ലെ ബി1-1659/18 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ പോർക്കുളം ഗ്രാമപഞ്ചായത്തിൽ പോർക്കുളം വില്ലേജിൽ റീ സർവ്വേ നമ്പർ 139/2-ൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ ടവർ നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ, എഞ്ചിനീയറിംഗ് വിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത നിർമ്മാണത്തിന് 18.06.2018-ൽ പെർമിറ്റ് നൽകിയിരുന്നു. ആയതിനെതിരെ യാതൊരു പരാതിയും അന്നേവരെ ലഭിച്ചിരുന്നില്ലെങ്കിലും മൊബൈൽ ടവർ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ചേർന്ന ഭരണ സമിതിയുടെ യോഗത്തിൽ പൊതു ജനങ്ങളിൽ നിന്നും പരാതി ലഭിക്കുന്ന പക്ഷം സ്റ്റോപ്പ് മെമ്മോ നൽകുന്നതിനും ലഭ്യമായ പരാതി ജില്ലാ ടെലികോം അതോറിറ്റിയ്ക്ക് അയച്ച് കൊടുക്കുന്നതിനും തീരുമാനിച്ചു.പിന്നീട് പൊതു ജനങ്ങൾ നൽകിയ 12/09/2018 ലെ പരാതിയിൻമേൽ കൂടിയ അടിയന്തിര യോഗത്തിൽ നേരത്തെ നിശ്ചയിച്ചതുപോലെ തന്നെ,നിർമ്മാണത്തിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകുന്നതിനും ലഭ്യമായ പരാതി ജില്ലാ ടെലികോം അതോറിറ്റിയ്ക്ക് കൈമാറുന്നതിനും കൂടാതെ പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും പരാമർശം(1) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി. 9/10/2018 ൽ ഗ്രാമസഭാംഗങ്ങളുടെ ആവശ്യ പ്രകാരം വാർഡ് മെമ്പർ സ്പെഷ്യൽ ഗ്രാമസഭ വിളിച്ച് കൂട്ടുന്നതിന് ആവശ്യപ്പെടുകയും 22/10/2018 ന് സ്പെഷ്യൽ ഗ്രാമസഭ ചേർന്ന് പ്രസ്തുത പ്രദേശത്ത് മൊബൈൽ ടവർ സ്ഥാപിക്കുന്നതിനെതിരെ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും ചെയ്തതിനാൽ 07.03.2013-ലെ 73816/ആർ.ഡി3/12/തസ്വഭവ സർക്കുലർ പ്രകാരം ബിൽഡിംഗ് റൂൾ

പ്രകാരമുള്ള ലംഘനമില്ലാതെ അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിയിൽ അറിയിച്ചുവെങ്കിലും, 23/10/2018 ന് ചേർന്ന അടിയന്തര യോഗത്തിൽ പ്രസ്തുത പ്രമേയം ഐക്യകണ്ഠേന വീണ്ടും അംഗീകരിക്കുകയും മൊബൈൽ ടവർ നിർമ്മാണത്തിന് അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്യണമെന്ന തീരുമാനത്തിൽ ഐക്യകണ്ഠേന ഉറച്ച് നിൽക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത വിഷയം പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാർ തീരുമാനത്തിനായി റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോർക്കുളം ഗ്രാമപഞ്ചായത്തിൽ പോർക്കുളം വില്ലേജിൽ റീ സർവ്വേ നമ്പർ 139/2-ൽ റിലയൻസ് ജിയോ ഇൻഫോകോമിന്റെ ടവർ നിർമ്മാണത്തിനായി 26.03.2018-ൽ ലഭ്യമായ അപേക്ഷയിന്മേൽ 18.06.2018-ന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനുശേഷം പ്രദേശവാസികൾ നൽകിയ പരാതികളുടെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തിയ്ക്ക് സെക്രട്ടറി നൽകിയ പെർമിറ്റ് റദ്ദ് ചെയ്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. 07.03.2013-ലെ 73816/ആർ.ഡി3/12/തസ്വഭവ സർക്കുലർ പ്രകാരം ബിൽഡിംഗ് റൂൾ പ്രകാരമുള്ള ലംഘനമുണ്ടെന്ന റിപ്പോർട്ട് കൂടാതെ നിലവിലുള്ള പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ല.

പ്രസ്തുത സാഹചര്യത്തിൽ, ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**സബിത.എസ്.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം ആമുഖ കത്തോടുകൂടി).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, പോർക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
സെക്രട്ടറി, പോർക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ